(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി കൃത്യമായ ഇടവേളകളിൽ പരിശോധിക്കുകയും സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നിർവ്വഹണ ഏജൻസി ആയ KITCO-യ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

കാസർഗോഡ് ഗവണ്മെന്റ് കോളേജ്

146(1131) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഗവണ്മെന്റ് കോളേജിൽ എത്ര ഡിപ്പാർട്ട്മെന്റുകൾ ഉണ്ടെന്നും ഓരോ ഡിപ്പാർട്ട്മെന്റിലും ഏതൊക്കെ തസ്തികകൾ ഉണ്ടെന്നും വ്യക്തമാക്കാമോ?

കാസർഗോഡ് ഗവൺമെന്റ് കോളേജിൽ 19 ഡിപ്പാർട്ട്മെന്റുകൾ ഉണ്ട്. ഓരോ ഡിപ്പാർട്ട്മെന്റിലുമുള്ള തസ്തികകൾ സംബന്ധിച്ച വിവരം അനുബന്ധം - 1 ആയി ചേർത്തിരിക്കുന്നു*.

(ബി) പ്രസ്തുത സ്ഥാപനത്തിലെ ഏതെങ്കിലും തസ്തികകളിൽ ഒഴിവുകളുണ്ടോയെന്നും എങ്കിൽ എത്രകാലമായി ഒഴിഞ്ഞുകിടക്കുകയാണെന്നും വ്യക്തമാക്കാമോ?

പ്രസ്തുത സ്ഥാപനത്തിൽ നിലവിലുള്ള ഒഴിവുകൾ സംബന്ധിച്ച വിവരം അനുബന്ധം - 2 ആയി ചേർത്തിരിക്കുന്നു*.

(സി) പ്രസ്തുത സ്ഥാപനത്തിൽ നിലവിൽ ജോലി ചെയ്യുന്നവർ അതാത് തസ്തികകളിൽ എത്ര കാലമായി തുടരുന്നവരാണെന്ന് വ്യക്തമാക്കാമോ?

വിശദവിവരം അനുബന്ധം - 3 ആയി ചേർത്തിരിക്കുന്നു*.

(ഡി) പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാർ വർക്കിംഗ് അറേഞ്ച്മെന്റിൽ മറ്റേതെങ്കിലും സ്ഥാപനത്തിൽ സേവനം ചെയ്യുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഇല്ല.

(ഇ) ഇതര ജില്ലകളിൽനിന്നുള്ള എത്ര ജീവനക്കാർ പ്രസ്തുത കോളേജിൽ ജോലി ചെയ്യുന്നുണ്ടെന്ന് അവരുടെ ജില്ലതിരിച്ച് വ്യക്തമാക്കാമോ?

വിശദവിവരം അനുബന്ധം - 4 ആയി ചേർത്തിരിക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പ്രസ്തുത സ്ഥാപനത്തിലുള്ള ജീവനക്കാരുടെയും വിദ്യാർത്ഥികളുടെയും എണ്ണം വ്യക്തമാക്കാമോ?

പ്രസ്തുത സ്ഥാപനത്തിൽ 85 അദ്ധ്യാപകർ, 43 അനദ്ധ്യാപകർ ഉൾപ്പെടെ ആകെ 128 ജീവനക്കാരും 1645 വിദ്യാർത്ഥികളും ഉണ്ട്.

(ജി) പ്രസ്തുത സ്ഥാപനത്തിലുള്ള കോഴ്സുകൾ ഏതൊക്കെയാണെന്നും ഏത് വർഷത്തിലാണ് ഇവ തുടങ്ങിയതെന്നും ഇനി ഏതെല്ലാം കോഴ്സുകൾക്ക് ഇവിടെ സാധ്യതയും അർഹതയും ഉണ്ടെന്നും വ്യക്തമാക്കാമോ?

കോഴ്സുകൾ സംബന്ധിച്ച വിവരം അനുബന്ധം - 5 ആയി ചേർത്തിരിക്കുന്നു*. പ്രസ്തുത സ്ഥാപനത്തിൽ എം.എസ്സി. സ്റ്റാറ്റിസ്റ്റിക്സ്, എം.എ. ഹിസ്റ്ററി തുടങ്ങിയ കോഴ്സുകൾക്ക് സാദ്ധ്യതയും അർഹതയുമുണ്ട്.

തോലന്നൂർ ആർട്സ് & സയൻസ് കോളേജ്

147(1132) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മണ്ഡലത്തിലെ തോലന്നൂർ സർക്കാർ ആർട്സ് & സയൻസ് കോളേജിന്റെ സമഗ്ര വികസനത്തിന് ഏതെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് വ്യക്തമാക്കാമോ?

തോലന്നൂർ കോളേജ് സ്ഥാപിക്കുന്നതിനായി പാലക്കാട് ജില്ലയിൽ ആലത്തൂർ താലൂക്ക് കുത്തന്നൂർ വില്ലേജിലെ, ബ്ലോക്ക് നമ്പർ 10 റീ സർവ്വേ നമ്പർ 209/210 എന്നിവയിലുൾപ്പെട്ട 5.3 ഹെക്ടർ ഭൂമി ഉപയോഗിക്കുന്നതിന് മുൻകൂർ കൈവശാനുമതി ലഭ്യമായിട്ടുണ്ട്. അടിയന്തരമായി പ്രസ്തുത ഭൂമിയിൽ കോളേജിന് ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിച്ച് പ്രസ്തുത കെട്ടിടത്തിലേയ്ക്ക് കോളേജ് മാറ്റിസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത ക്യാമ്പസിനുള്ള കെട്ടിടവും അനുബന്ധ നിർമ്മാണങ്ങളും എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ?

പ്രസ്തുത ഭൂമിയിൽ കോളേജ് കെട്ടിടങ്ങളും അനുബന്ധ നിർമ്മാണങ്ങൾക്കുമുള്ള പ്രൊപ്പോസൽ തയ്യാറാക്കിവരുന്നു.

(സി) പ്രസ്തുത കോളേജിൽ ഏതൊക്കെ പുതിയ കോഴ്സുകൾ അനുവദിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

സ.ഉ.(എം.എസ്.) നമ്പർ 389/2020, 05/11/2020 പ്രകാരം എം.എസ്സി. ജ്യോഗ്രഫി അനുവദിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്